4

# തിരുവാതിര





1

നിഴലിട്ടു നിറഞ്ഞുള്ളിൽ
കഴിയുന്നൊരു വിഗ്രഹം
കുഴലൂതി വിളിക്കുമ്പോൾ
കുഴയുന്നിവൾ ഗോപിക

2

അതിസക്തികലർന്നെന്നിൽ
ഗതിവിഭ്രമമാകയാൽ
ഋതുഭേദനിയോഗം പോൽ
വ്യതിരിക്തതപുൽകയായ്

3

ഉരകല്ലിലുരക്കുന്നു
ഒരു ചന്ദനമുട്ടി ഞാൻ
തിരുനെറ്റി നിവർത്താദ്യം
കുറിയൊന്നുവരയ്ക്കുവാൻ

4

അരയുന്നതിലാമോദം
കരളിൽ കളിയാടവേ
ചൊരിയുന്നതിസൗരഭ്യ
ച്ചൊരിചുറ്റിലുമെന്നിലും

5

മകുടത്തിനുമേൽ ചൂടാൻ
മകിഴുന്നമനസ്സുമായ്
മയിലിന്റെ മനോരാജ്യം
മയമാക്കിയപീലിയും

6

മുനിമാരുടെ സൂക്തങ്ങൾ
തനതാത്മനിചേർത്തിടാം
തിരുമാറിലൊരേകാഗ്ര
ക്കുരലാര മണിഞ്ഞിടാം

7

മധുപകർക്കമൊരുക്കുന്നു,
മധുരക്കനികൊണ്ടു ഞാൻ
തിരുവുള്ളമതിൽ സ്നേഹ
സ്ഫുരണത്തിരതല്ലുവാൻ

8

തളിർതൂശനിലയ്ക്കുള്ളിൽ
കളഭത്തെയൊരുക്കിടാം
തെളിനീരുനിറക്കിണ്ടി
യ്ക്കൊളിതീർത്തുനിവേദ്യവും

9

നിറനാഴിയുമരികത്തായ്
എരിയുന്ന പ്രദീപവും
പരിശുദ്ധിലസിച്ചാദ്യം
വരണം തിരുവാതിര.

........